# പതിനാലാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3198** **07.02.2018-ൽ മറുപടിയ്ക്ക്**

## കാസർഗോഡ് പള്ളിക്കര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കാസർഗോഡ് പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ കേരള സംസ്ഥാന തീരദേശ കോർപ്പറേഷൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br>ബി) എങ്കിൽ എത്ര രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്നും പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തിയോയെന്നും വ്യക്തമാക്കാമോ; | എ) & ബി) 2017-18 ലെ പ്ലാൻ പദ്ധതിയായ മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിലുൾപ്പെടുത്തി 187.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 187.00 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിട നിർമ്മാണ പദ്ധതിക്കായി 93.50 ലക്ഷം രൂപ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ശിലാസ്ഥാപനം 2017 ഒക്ടോബർ 13-ാം തീയതി നിർവ്വഹിച്ചിട്ടുണ്ട്. |
| സി) എങ്കിൽ ഏത് തീയതിയിൽ ആരാണ് ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചതെന്ന് വ്യക്തമാക്കാമോ; | സി) 2017 ഒക്ടോബർ 13-ാം തീയതി ശ്രീ. കുഞ്ഞിരാമൻ എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ ബഹു. മത്സ്യബന്ധനം, ഹാർബർ എഞ്ചിനിയറിംഗ്, കശുവണ്ടി വ്യവസായ വികസന വകുപ്പ് മന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. |
| ഡി) ശിലാസ്ഥാപനം നടന്ന സ്ഥലത്തിന്റെ സർവ്വെ നമ്പർ എത്രയാണെന്നും എത്ര സെന്റ് സ്ഥലത്താണ് കെട്ടിടം നിർമ്മിക്കുന്നതെന്നും പ്രസ്തുത സ്ഥലം ആരുടെ ഉടമസ്ഥതയിലാണെന്നും വ്യക്തമാക്കാമോ;<br>ഇ) സർക്കാരിന്റെയോ പഞ്ചായത്തിന്റെയോ അധീനതയിൽ അല്ലാത്ത സ്ഥലത്ത് പ്രസ്തുത കെട്ടിടം നിർമ്മിക്കുവാൻ നിയമപരമായി സാധിക്കുമോ എന്ന് വ്യക്തമാക്കാമോ; | ഡി) & ഇ) ശിലാസ്ഥാപനം നടന്ന സ്ഥലത്തിന്റെ സർവ്വെ നമ്പർ RS No.441/7 [New RS No.251/3] ആണ്. 1.03 ഏക്കർ സ്ഥലമാണുള്ളത്. പ്രസ്തുത സ്ഥലം Bekel Resorts Development Corporation ന്റെ ഉടമസ്ഥതയിലുള്ളതാണ്. എന്നാൽ പുതിയ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പ്രസ്തുത സ്ഥലം ജില്ലാ മെഡിക്കൽ ഓഫീസറുടെ possession ൽ ആക്കിക്കൊണ്ട് സി1-71480/2017 നടപടി ക്രമത്തിലൂടെ കാസർഗോഡ് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. |

| | | |
|---|---|---|
| എഫ്) | സ്വകാര്യ വ്യക്തികളുടെതാണ് പ്രസ്തുത സ്ഥലമെങ്കിൽ അവിടെ തറക്കല്ലിട്ടതിന്റെ സാംഗത്യം വിശദീകരിക്കാമോ; | എഫ്) ബാധകമല്ല.<br>&<br>ജി) |
| ജി) | തീരദേശ വികസന കോർപ്പറേഷൻ അനുവദിച്ച ഫണ്ടുപയോഗിച്ച നിർമ്മിക്കുന്ന പ്രസ്തുത കെട്ടിടം എവിടെ സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ആഫീസർ